LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

126 (511) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ എത്ര സഹകരണ സ്ഥാപനങ്ങൾക്കാണ് പുതിയതായി രജിസ്ട്രേഷൻ നൽകിയത്; ഏതെല്ലാം മേഖലയിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകിയതെന്ന് അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി നിയമസഭാ മണ്ഡലത്തിൽ 16 സഹകരണ സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. മേഖല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

മേഖല	എണ്ണം
വെൽഫെയർ സഹകരണ സംഘങ്ങൾ	6
അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ	6
മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ	2
ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ	2

റിസ്ക് ഫണ്ട് ആനുകൂല്യം

127 (512) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ കുറ്റ്യാടി ശാഖയിൽ നിന്നും വായ്പയെടുക്കുകയും റിസ്ക് ഫണ്ട് പദ്ധതിയിൽ പ്രീമിയം അടയ്ക്കുകയും പിന്നീട് മരണപ്പെടുകയും ചെയ്ത കെ. പി. വാസു എന്നയാളുടെ വായ്പക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ കുറ്റ്യാടി ശാഖയിൽനിന്നും കെ. പി. വാസു സി.എൽ.ഡി. 236 നമ്പരായി വായ്പയെടുക്കുകയും മേൽ വായ്പയ്ക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി റിസ്ക് ഫണ്ട് ബോർഡിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു.